Draft #4 of File 28381/P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 02-Dec-2019 09:41 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)യുടെ 19-ആം റിപ്പോർട്ടിൽ സർവകലാശാലയിലെ എഞ്ചിനീയറിംഗ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒരാഴ്ച്ചയ്ക്കുള്ളിൽ വിശദമായ വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിക്കുവാൻ യൂണിവേഴ്സിറ്റി എൻജിനീയർ( i/ c) ക്കു നിർദേശം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 6111/P&D 1/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 02.12.2019

---

പരാമർശം:-1. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-14)യുടെ 19-ആം റിപ്പോർട്ടിൽ ഖണ്ഡിക 59, 60

2. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.2.2019, 17.7.2019 എന്നീ തീയതികളിലെ ബി 4/21836/2015/ഉ വി വ നമ്പർ കത്ത്

3 . സർവകലാശാല ഉത്തരവ് നമ്പർ 1514/P&D1/1/2019/MGU, തീയതി 8.4.19

4 . 19.9.2019 തീയതിയിൽ ഇ യു / എ ബി /129/ 330/ 19 നമ്പർ കത്ത് പ്രകാരം സർവകലാശാല എഞ്ചിനീയർ (i/ c ) സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ട്

5 . 16.11.2019 ൽ ചേർന്ന സിന്റിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം . 66/19.10/DDFS 28381/2019 പ്രകാരമുള്ള തീരുമാനം

**ഉത്തരവ്**

സർവകലാശാലയിലെ എഞ്ചിനീയറിംഗ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)യുടെ പരാമർശം 1 പ്രകാരമുള്ള നിഗമനങ്ങൾ/ ശുപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പരാമർശം 2 പ്രകാരം അധിക വിവര റിപ്പോർട്ട് ആരായുകയുണ്ടായി.

ടി വിഷയവുമായി ബന്ധപ്പെട്ട പരാമർശം 3, 4 എന്നിവ പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച് സർവകലാശാല എഞ്ചിനീയർ ഇൻ ചാർജ് സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ട് സിന്റിക്കേറ്റ് പരിശോധിക്കുകയും പരാമർശം 5 പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

"കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)യുടെ 19-ാം റിപ്പോർട്ടിൽ സർവകലാശാലയിലെ എൻജിനീയറിംഗ് യൂണിറ്റിൻറെ പ്രവർത്തനം സംബന്ധിച്ച് 59,60 ഖണ്ഡികകളിൽ പരാമർശിക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് അടിയന്തിരമായി വിശദീകരണം സമർപ്പിക്കുവാൻ ഉന്നത

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ട സാഹചര്യത്തിൽ യൂണിവേഴ്സിറ്റി എൻജിനീയറോട് വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും 19.09.2019 തീയതിയിൽ ഇയു/എബി/129/330/19 നമ്പർ കത്ത് പ്രകാരം യൂണിവേഴ്സിറ്റി എൻജിനീയർ വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് അംഗീകരിക്കുവാനും അതു കൂടാതെ കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 19-ാം റിപ്പോർട്ടിലെ 59,60 ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒരാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ യൂണിവേഴ്സിറ്റി എൻജിനീയറോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സർവകലാശാല എഞ്ചിനീയർ (I/C) / ഡയറക്ടർ , പി & ഡി .

2. വി സി,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ

4.ഫിനാൻസ് 1/4

5.ഓഡിറ്റ് 1/4

6.എ സി സി സെക്ഷൻ

7.കെ എസ് എ ഡി / സി എം എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 28381/P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 02-Dec-2019 09:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം